ദേവാലയ ആക്രമണങ്ങൾ

36 [799] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ ഏതെല്ലാം ദേവാലയങ്ങൾക്കെതിരെ ആക്രമണം ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ ക്രിസ്ത്യൻ പള്ളികൾ എത്ര; മുസ്ലിം പള്ളികൾ എത്ര; ഹിന്ദു ദേവാലയങ്ങൾ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം ദേവാലയങ്ങൾ ആക്രമിച്ചവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂർ പള്ളി തീവച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ 13 ദേവാലയ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്:

1. തിരുവനന്തപുരം ജില്ലയിലെ പാറ്റൂർ പള്ളി.
2. തിരുവനന്തപുരം ജില്ലയിലെ കുളമുട്ടം വൻകടവ് ഗോവതിക്ഷേത്രം.
3. ആലപ്പുഴ കാരിമുക്കം ചാങ്ങയിൽ ദേവീ ക്ഷേത്ര കാണിക്കമണ്ഡപം.
4. ആലപ്പുഴ കുന്നം ജോർജ്ജ് ഓർത്തഡോക്സ് പള്ളി കുരിശടി.
5. ആലപ്പുഴ കടുവിനാൽ മുസ്ലീം ജമാഅത്ത് പള്ളി.
6. പാലക്കാട് മേപ്പറമ്പ് മുസ്ലീം പള്ളി.
7. മലപ്പുറം പെരുമ്പടപ്പ് കാഞ്ഞിരമുക്ക് അയ്യപ്പക്ഷേത്രം.
8. കോഴിക്കോട് പട്ടാളപ്പള്ളി.
9. കാസർഗോഡ് ഉദ്യാവർ (അഡയാർ) ഗോവതി ക്ഷേത്രം.
10. മലപ്പുറം താനൂർ ശ്രീ നരസിംഹമൂർത്തി ക്ഷേത്രം.
11. കണ്ണൂർ കൊട്ടിയൂർ ക്ഷേത്രം.
12. കണ്ണൂർ ഇരിട്ടി ബദർ പള്ളി.
13. കോട്ടയം പാമ്പാടി 9-ാം മൈൽ ഭാഗത്തുള്ള മസ്ജിദുദ്ദീൻ മുബാറക് മുസ്ലീം ദേവാലയം.

(ബി) 13 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്രിസ്ത്യൻ പള്ളികളം—2
മുസ്ലീം പള്ളികളം—5
ഹിന്ദു ദേവാലയങ്ങളം—6

(ഡി) 1. തിരുവനന്തപുരം വൻകടവ് ഭഗവതി ക്ഷേത്രം ആക്രമിച്ച കേസിലെ 11 പ്രതികളെ അറസ്റ്റു ചെയ്തു.

2. തിരുവനന്തപുരം പാറ്റൂർ പള്ളി ആക്രമിച്ച സംഭവത്തിന് ഒരാളെ അറസ്റ്റു ചെയ്തു.

3. പാലക്കാട് മേപ്പറമ്പ് മുസ്ലീം പള്ളി ആക്രമിച്ചവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

4. മലപ്പുറം പെരുമ്പടപ്പ് അയ്യപ്പക്ഷേത്രം ആക്രമിച്ച കേസിൽ 9 പേരെ അറസ്റ്റ് ചെയ്തു.

5. കോഴിക്കോട് പട്ടാളപ്പള്ളി ആക്രമിച്ച 2 പ്രതികളെ അറസ്റ്റ് ചെയ്തു.

6. കാസർഗോഡ് ഉദ്യാവർ (അഡയാർ) ഭഗവതി ക്ഷേത്രം ആക്രമിച്ച കേസിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തു.

7. കണ്ണൂർ കൊട്ടിയൂർ ക്ഷേത്രം ആക്രമിച്ച കേസിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും പിന്നീട് ഇയാൾ പ്രതിയല്ലെന്ന് തെളിഞ്ഞതിനാൽ ടിയാനെ ഒഴിവാക്കിയിട്ടുള്ളതുമാണ്.

8. ആലപ്പുഴ വള്ളിക്കുന്നം കടുവിനാൽ മുസ്ലീം ജമാഅത്ത് പള്ളി ആക്രമിച്ച കേസിൽ 15 പേരെ അറസ്റ്റ് ചെയ്തു.

9. കണ്ണൂർ ഇരിട്ടി ബദർ പള്ളി ആക്രമിച്ച കേസിൽ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലയിലെ പാറ്റൂർ പള്ളി തീവച്ചത് സംബന്ധിച്ച കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ പാസ്കൽ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

പോലീസ് രജിസ്റ്റർ ചെയ്ത വിവിധ കേസുകൾ

37 [800] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനകം വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണം, പിടിച്ചുപറി, ഗുണ്ടാ ആക്രമണം തുടങ്ങിയ കേസുകളുടെ ഇനം തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഇത്തരം കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം കേസുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly